**പതിമൂന്നാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 4435

28.6.2012ൽ
മറുപടിയ്ക്ക്

**കൊല്ലം ജില്ലയിലെ പുതിയ മാവേലി സ്റ്റോറുകൾ**

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീമതി. പി. അയിഷാ പോറ്റി ; | | ശ്രീ. അനൂപ് ജേക്കബ് (ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കൊല്ലം ജില്ലയിൽ പുതുതായി ആരംഭിച്ച മാവേലി സ്റ്റോറുകൾ സംബന്ധിച്ച വിശദാംശം വെളിപ്പെടുത്തുമോ ; | എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കൊല്ലം ജില്ലയിൽ പോരുവഴി പഞ്ചായത്തിലെ ശാസ്താംനടയിലും, ഈസ്റ്റ് കല്ലട പഞ്ചായത്തിലെ കൊടുവിളയിലും പുതിയ മാവേലി സ്റ്റോറുകൾ ആരംഭിച്ചിട്ടുണ്ട്. |
| ബി) | മാവേലി സ്റ്റോറുകളെ സൂപ്പർ മാർക്കറ്റുകളായി ഉയർത്തുന്നതിന് സ്വീകരിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ് ? | ബി) മാവേലി സ്റ്റോറുകൾ സൂപ്പർ മാർക്കറ്റുകളായി ഉയർത്തുന്നതിനുള്ള മാനദണ്ഡങ്ങൾ ചുവടെ പറയും പ്രകാരമാണ്.<br>1. മാവേലി സ്റ്റോറിൽ പ്രതിമാസ വിറ്റുവരവ് 4 ലക്ഷത്തിൽ അധികം ഉണ്ടായിരിക്കണം.<br>2. സൂപ്പർ മാർക്കറ്റുകളാക്കിയാൽ വിറ്റുവരവ് 10 ലക്ഷം ഉണ്ടായിരിക്കണം.<br>3. സപ്ലൈകോയുടെ മാനദണ്ഡത്തിനനുസരിച്ച് ചരക്ക് വാഹനങ്ങൾ എത്തിച്ചേരുന്നതിനും പാർക്കിംഗ് സൗകര്യമുള്ളതുമായ 800 - 1200 ച.അടി വരെ വിസ്തീർണ്ണമുള്ള കെട്ടിടം അനുയോജ്യമായ സ്ഥലത്ത് ലഭ്യമാകണം. |

സെക്ഷൻ ഓഫീസർ